**Mathyamam Dated on 26/09/2026**
**Page no :- 5 Column no :2**
**Kochi Edition**

# ത്രോബാൾ ചാമ്പ്യൻഷിപ്പ്

മട്ടാഞ്ചേരി: ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്പ് ഒക്ടോബർ മൂന്ന്, നാല് തീയതിയിൽ തിരുവണിയൂർ കൊച്ചിൻ റഫിനെറീസ് സ്കൂളിൽ നടക്കും. 2012 ജനുവരി ഒന്നിന് ശേഷം ജനിച്ചവർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ 30ന് മുമ്പ് പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com ൽ പൂർത്തിയാക്കണമെന്ന് ജില്ല സെക്രട്ടറി പി.എസ്. അനീർ അറിയിച്ചു. ഫോൺ: 9633088615.

**MALAYALA MANORAMA**
**DATED :- 25/09/2026**
**PAGE NO :- 4 COLUMN NO :- 3**
**Edition :- Thiruvaniyoor**

# ത്രോബോൾ

കൊച്ചി ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് ഒക്ടോബർ 3, 4 തീയതികളിൽ തിരുവാണിയൂരിലെ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ നടക്കും. റജിസ്ട്രേഷൻ 30നു മുൻപ് www.throwballkerala.com എന്ന വെബ്സൈറ്റിലൂടെ പൂർത്തിയാക്കണം. 2012 ജനുവരി ഒന്നിനോ അതിനു ശേഷമോ ജനിച്ചവരായിരിക്കണം.

MALAYALA MANORAMA DATED ON 05/10/2026 PAGE NO :- 4 COLUMN NO 3 THIRUVANIYOOR EDITION

# ത്രോബോൾ ചാംപ്യൻഷിപ്: കൂവപ്പടി സെന്റ് ആൻസും കൊച്ചിൻ റിഫൈനറി സ്കൂളും ചാംപ്യന്മാർ

കോലഞ്ചേരി ● 13-ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് സ്കൂൾ ജേതാക്കളായി. തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിനെയാണ് പരാജയപ്പെടുത്തിയത് (15-3,15-9). തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂളിനാണ് മൂന്നാം സ്ഥാനം.

പെൺകുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറി സ്കൂൾ ചാംപ്യന്മാരായി. തിരുവാണിയൂർ സ്റ്റെല്ല മാരിസ് കോൺവന്റ് ക്ലബ്ബിനെ ആണ് പരാജയപ്പെടുത്തിയത് (15-5,15-8). ഫോർട്ട്കൊച്ചി ഫാത്തിമ ഗേൾസ് അക്കാദമിക്കു മൂന്നാം സ്ഥാനം ലഭിച്ചു.

കുവപ്പടി സെന്റ് ആൻസ് ക്ലബ്ബിലെ ദേവാനന്ദും തിരുവാണിയൂർ കൊച്ചിൻ റിഫൈനറി സ്കൂളിലെ എവില്യൻ ഷിജുവും ആണ് മികച്ച കളിക്കാർ.

17 മുതൽ 19 വരെ പാലക്കാട് നടക്കുന്ന സംസ്ഥാന ചാംപ്യൻഷിപ്പിനുള്ള ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.

ത്രോ ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് അംഗം കെ.എം. ഷാഹുൽ ഹമീദ് വിജയികൾക്ക് ട്രോഫി സമ്മാനിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് സ്റ്റാൻലി അരുൺ, സെക്രട്ടറി പി.എസ്. അനീർ, പി.ബി. മോൻസി, വിനു ചന്ദ്രൻ, നജാത് തുടങ്ങിയവർ പ്രസംഗിച്ചു.

# SIRAJ DATED ON 04/10/2026
# PAGE NO : 5 COLUMN NO 1
# THIRUVANIYOOR EDITION




ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ കൊച്ചിൻ റിഫൈനറി സ്കൂളിനു ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് അംഗം കെ.എം. ഷാഹുൽ ഹമീദ് ട്രോഫി സമ്മാനിക്കുന്നു.